## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - നിപ്പ പനിയുടെ പശ്ചാത്തലത്തിൽ മാറ്റി വച്ച പി.എസ്.സി പരീക്ഷകളുടെ നടത്തിപ്പിനായി പരീക്ഷാ കേന്ദ്രങ്ങൾ അനുവദിയ്ക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

---

**ഉത്തരവ് നമ്പർ-** സി 6/24705/2018/കോ.വി.വ/എൽ.ഡിസ് **തീയതി - 12/06/2018**

---

പരാമർശം:- 12/06/2018 - ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷാ കൺട്രോളറുടെ കത്ത് നമ്പർ 53/12/സിഇ

## ഉത്തരവ്

നിപ്പാ പനിയുടെ പശ്ചാത്തലത്തിൽ 26/05/2018, 09/06/2018 തീയതികളിൽ നടത്താനിരുന്ന പോലീസ് കോൺസ്റ്റബിൾ, ജൂനിയർ അസിസ്റ്റന്റ് തസ്തികകളിലെ പി.എസ്.സി പരീക്ഷകൾ യഥാക്രമം 22/07/2018, 05/08/2018 തീയതികളിലേയ്ക്ക് (ഞായറാഴ്ച പകൽ 1.30 മണി മുതൽ 3.15 വരെ) മാറ്റി വച്ചിരിയ്ക്കുന്ന സാഹചര്യത്തിൽ പരീക്ഷാ നടത്തിപ്പിനായി നിശ്ചയിച്ചിരുന്ന പരീക്ഷ കേന്ദ്രങ്ങൾ പ്രസ്തുത തീതയികളിൽ അനുവദിച്ചു നൽകുന്നതിനുള്ള നടപടിയെടുക്കണമെന്ന് പരാമർശത്തിലെ കത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷാ കൺട്രോളർ അഭ്യർത്ഥിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പോലീസ് കോൺസ്റ്റബിൾ, ജൂനിയർ അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് പരീക്ഷ നടത്തുവാൻ അനുമതി ലഭ്യമാക്കിയ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും 22/07/2018, 05/08/2018 എന്നീ തീയതികളിലെ പരീക്ഷ നടത്തിപ്പിനായി അനുവദിച്ച് നൽകുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പരീക്ഷാ നടത്തിപ്പിനായി തെരെഞ്ഞെടുക്കപ്പെട്ട എല്ലാ സ്ഥാപനങ്ങളിലേയും മേധാവികൾ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും നല്കേണ്ടതാണ്.

(ഒപ്പ്)

ഹരിത.വി.കുമാർ.ഐ.എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ
സ്ഥാപന മേധാവികളുടേയും അറിവിലേയ്ക്കായി

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ/12/06/2018

GOVERNMENT OF KERALA 2017-18